

# നിർഭയ

ചെറുപ്പത്തിൽ ഇരുട്ട് കണ്ട്
നിലവിളിക്കുമ്പോൾ,,,,,,,,
നിർഭയ ആയിരിക്കണം
എന്നു
പറയുമായിരുന്നു  അമ്മ,,,,,,
തെരുവിൽ പട്ടിയെ കണ്ടു
തിരിഞ്ഞോടുമ്പോൾ,,,,,,,,,,,
നിർഭയയായിരിക്കാൻ
തന്നെയായിരുന്നു അച്ഛനും
പറഞ്ഞത്,,,,,,,,,,,,
ടീച്ചറുടെ തല്ല് പേടിച്ചു
സ്കൂളിൽ
പോകാൻ
മടിച്ചിരുന്നപ്പോൾ,,,,,,
ചേട്ടൻ പറഞ്ഞതും  അതു
തന്നെ
പിന്നെ പരീക്ഷ
പേടിച്ചിരുന്നപ്പോൾ,,,,,,,,, ടീച്ചർ
പറഞ്ഞതും നിർഭയ
യായിരിക്കുവാൻ,, തന്നെ

നിർഭയ എന്നാൽ
ഭയമില്ലാത്തവളാണെന്ന,,
വിവേചന ബുദ്ധി
എത്തിയപ്പോഴേക്കും,,,,,,
നിർഭയ
പത്രത്തിലെ
തലക്കെട്ടുകളിൽ,,,,
ഒടുങ്ങിയിരുന്നു,,,,,, അന്നാണ്
അച്ഛനും, അമ്മയും ചേട്ടനും
ടീച്ചറും, ആദ്യമായി
എന്നോടു,,,,,,
ഭയമുള്ളവളായിരിക്കാൻ,,,,,
ആവശ്യപ്പെട്ടത്,,,,,,,,

Alakananda. S 8C